3228
23/2/21

' ഭരണഭാഷ-മാതൃഭാഷ '

**കേരള സർക്കാർ**
**(സംഗ്രഹം )**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - സർക്കാർ സംഗീത കോളേജുകളിൽ ജൂനിയർ ലക്ചറർ, ലക്ചറർ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.( കൈ)നം.125/2021/ഉ.വി.വ.** **തീയതി, തിരുവനന്തപുരം, 19/02/2021**

പരാമർശം :- 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.12.2019, 16.05.2020 തീയതികളിലെ ബി3/39379/ 2018/കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ സംഗീത കോളേജുകളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി സർക്കാർ സംഗീത കോളേജ് , തൃശ്ശൂർ എസ്.ആർ.വി സർക്കാർ സംഗീത കോളേജ്, എന്നീ രണ്ട് കോളേജുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ സംഗീത കോളേജുകളിൽ ചുവടെ ചേർക്കുന്ന അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൃപ്പൂണിത്തുറ ആർ.എൽ.വി . കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്**

| ക്രമ നമ്പർ | തസ്തികയുടെ പേര് | പുതുതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ ലക്ചറർ ഇൻ മോഹിനിയാട്ടം | 5 |
| 2 | ജൂനിയർ ലക്ചറർ ഇൻ ആർട്ട് ഹിസ്റ്ററി & ഐസ്തറ്റിക്സ് | 1 |
| 3 | ജൂനിയർ ലക്ചറർ ഇൻ കഥകളി വേഷം | 2 |
| 4 | ജൂനിയർ ലക്ചറർ ഇൻ കഥകളി ചെണ്ട | 3 |
| 5 | ജൂനിയർ ലക്ചറർ ഇൻ ഭരതനാട്യം | 2 |
| 6 | ജൂനിയർ ലക്ചറർ ഇൻ അപ്ലൈഡ് ആർട്സ് | 1 |
| | **ആകെ** | **14** |

**തൃശ്ശൂർ എസ്.ആർ.വി. ഗവ.കോളേജ് ഓഫ് മ്യൂസിക് & പെർഫോർമിംഗ് ആർട്സ്**

| ക്രമ നമ്പർ | തസ്തികയുടെ പേര് | പുതുതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ലക്ചറർ ഇൻ വോക്കൽ | 3 |
| **ആകെ** | | 3 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.വി.വേണു**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കോപ്പി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ആർ.എൽ.വി സർക്കാർ സംഗീത കോളേജ്, തൃപ്പൂണിത്തുറ/SRV സർക്കാർ സംഗീത കോളേജ്, തൃശ്ശൂർ (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, നാഗമ്പടം, കോട്ടയം.
ധനകാര്യ വകുപ്പ് (UO(f)No.EDN -B3/36/2020/Fin തീയതി 30.12.2020, 13.02.2021
പൊതുഭരണ (എസ്.സി) വകുപ്പ് ( 17/02/2021 ലെ ഇനം നം..4723 പ്രകാരം)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

4998089/2021/H EDN

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. സി1/159/2019/HEdn. ഇനം നം: 4723

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ സംഗീത കോളേജുകളിൽ 14 ജൂനിയർ ലക്ചറർ തസ്തികകളും 3 ലക്ചറർ തസ്തികകളും സൃഷ്ടിക്കുന്നത്.

161

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary, Higher Education & Environment Departments
18/2

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി1/159/2019/HEdn. |
| 2 | വകുപ്പ് | : : | ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | : | ഉന്നത വിദ്യാഭ്യാസം - സർക്കാർ സംഗീത കോളേജുകളിൽ 14 ജൂനിയർ ലക്ചറർ തസ്തികകളും 3 ലെക്ചറർ തസ്തികയും സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 31.01.2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധന വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്തിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എ.ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 13/02/21 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 14/02/21 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി. ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 14/02/21 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി. | : | 14/02/21 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 17/02/21 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. . | : | സ.ഉ.(കൈ) നം125/2021/ഉ.വി.വ തീയതി 19.02.2021 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സർക്കാർ സംഗീത കോളേജുകളിൽ പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.സർക്കാർ സംഗീത കോളേജുകളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. സർക്കാർ സംഗീത കോളേജ്, തൃശ്ശൂർ എസ്.ആർ.വി. സർക്കാർ സംഗീത കോളേജ് എന്നീ രണ്ട് കോളേജുകളിൽ പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളത്.

2. നാല് സർക്കാർ സംഗീത കോളേജുകളിൽ തൃശ്ശൂർ എസ് .ആർ.വി കോളേജ് ഓഫ് മ്യൂസിക് & പെർഫോമിംഗ് ആർട്സിൽ ഒഴികെ മറ്റ് എല്ലാ സംഗീത കോളേജുകളിലും വിവിധ വിഷയങ്ങളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് . യു.ജി.സിയുടെ പരിധിയിൽ വരാത്തതിനാൽ സർക്കാർ സംഗീത കോളേജുകൾക്ക് പി.ജി.വെയിറ്റേജ് ബാധകമല്ല എന്നിരുന്നാലും നിലവിൽ കോളേജുകളിൽ 16 മണിക്കൂർ വർക്ക് ലോഡ് പ്രകാരമാണ് അധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

3.തൃപ്പൂണിത്തുറ RLV സംഗീത കോളേജിൽ മോഹിനിയാട്ടം -5, സ്കൾപ്ചർ -3, ആർട്ട് ഹിസ്റ്ററി & ഐസ്തെറ്റിക്സ് -2, കഥകളി വേഷം -3, കഥകളി ചെണ്ട -6 ,കഥകളി മദ്ദളം -6, ഭരതനാട്യം -2, അപ്ലൈഡ് ആർട്ട് -2 എന്നീ തസ്തികകളും തൃശ്ശൂർ എസ്.ആർ.വി. സംഗീത കോളേജിൽ വോക്കൽ , വീണ , വയലിൻ , മൃദംഗം വിഷയങ്ങളിൽ മൂന്ന് വീതം അധ്യാപക തസ്തികകളും ലാംഗ്വേജ് , ഇംഗ്ലീഷ് , മലയാളം, സംസ്കൃതം എന്നിവയിൽ ഓരോ യു . ജി . സി സ്കെയിൽ തസ്തിക വീതവും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

4.പ്രസ്തുത ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ ചുവടെ ചേർക്കുന്ന റിമാർക്സാണ് ലഭ്യമാക്കിയിട്ടുള്ളത്.

"മതിയായ ജോലി ഭാരം ഇല്ലാത്തതിനാൽ ഭാഷ വിഷയങ്ങൾക്കു ( English, Malayalam, Sanskrit) അദ്ധ്യാപക തസ്തിക അനുവദിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നതോടൊപ്പം 50 ശതമാനമെങ്കിലും (First year ,second year ,Third year ) വിദ്യാർത്ഥികൾ ഉള്ള കോഴ്സുകൾക്ക് മാത്രമായി അധ്യാപക തസ്തിക അനുവദിക്കാമെന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ താഴെ പട്ടികയിൽ പറയും പ്രകാരം തൃപ്പൂണിത്തുറ RLV സർക്കാർ സംഗീത കോളേജിൽ 14 ജൂനിയർ ലക്ചറർ

തസ്തികകളും, തൃശ്ശൂർ എസ് . ആർ. വി . ഗവൺമെന്റ് മ്യൂസിക് കോളേജിൽ 3 ജൂനിയർ ലക്ചറർ തസ്തികകളും ബഹു. മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു. മതിയായ വിദ്യാർത്ഥികളാക്കുന്ന മുറയ്ക്ക് മറ്റു തസ്തികകൾ അനുവദിക്കുന്നതുമാണ് എന്നും അറിയിക്കുന്നു. "

തൃപ്പൂണിത്തുറ ആർ.എൽ.വി. സർക്കാർ സംഗീത കോളേജ്

| നം. | തസ്തിക | അനുവദിക്കുന്ന ജൂനിയർ ലക്ചറർ തസ്തിക |
|---|---|---|
| 1 | മോഹിനിയാട്ടം | 5 |
| 2 | ആർട്ട് ഹിസ്റ്ററി & ഐസ്തറ്റിക്സ് | 1 |
| 3 | കഥകളി വേഷം | 2 |
| 4 | കഥകളി ചെണ്ട | 3 |
| 5 | ഭരതനാട്യം | 2 |
| 6 | അപ്ലൈഡ് ആർട്ട്സ് | 1 |
| ആകെ | | 14 |

തൃശ്ശൂർ എസ് . ആർ . വി . ഗവൺമെന്റ് മ്യൂസിക് കോളേജ്

| നം. | തസ്തിക | അനുവദിക്കുന്ന ജൂനിയർ ലക്ചറർ തസ്തിക |
|---|---|---|
| 1 | വോക്കൽ | 3 |
| ആകെ | | 3 |

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരവുമുണ്ട്."

5. മേൽ പരാമർശിച്ച തസ്തികകൾ സൃഷ്ടിച്ചാലുണ്ടാകുന്ന ചുവടെ ചേർക്കുന്ന അധിക വാർഷിക സാമ്പത്തിക ബാധ്യത സംബന്ധിച്ച റിപ്പോർട്ടിൽ ജൂനിയർ ലക്ചറർ ഇൻ വോക്കൽ തസ്തികയില്ലെന്നും ലക്ചറർ ഇൻ വോക്കൽ തസ്തിക മാത്രമാണുള്ളതെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. തുടർന്ന് മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സ് വീണ്ടും ആരാഞ്ഞപ്പോൾ താഴെപ്പറയുന്ന റിമാർക്സ് ആണ് പ്രസ്തുത വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്.

"HEDN-C1/159/2019-HEDN ഫയലിലെ 30.12.2020 തീയതിയിലെ ധനകാര്യ വകുപ്പിന്റെ റിമാർക്സ് താഴെപ്പറയും പ്രകാരം തിരുത്തി നൽകുന്നു;

" തൃശ്ശൂർ എസ്.ആർ.വി. കോളേജിൽ വോക്കൽ വിഭാഗത്തിൽ മൂന്ന് ലക്ചറർ തസ്തിക സൃഷ്ടിക്കുന്നതിന്

അനുമതി നൽകുന്നു"

ഈ തീരുമാനത്തിന് ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരവുമുണ്ട്".

അനുവദിച്ച തസ്തികകളുടെ വാർഷിക സാമ്പത്തിക ബാധ്യത ചുവടെ ചേർക്കുന്നു.

തൃപ്പൂണിത്തുറ ആർ.എൽ.വി. സർക്കാർ സംഗീത കോളേജ്

| നം. | തസ്തിക | അനുവദിക്കുന്ന ജൂനിയർ ലക്ചറർ തസ്തിക | വാർഷിക സാമ്പത്തിക ബാധ്യത (രൂപയിൽ) |
|---|---|---|---|
| 1 | മോഹിനിയാട്ടം | 5 | 37440*12*5 =2246400/- |
| 2 | ആർട്ട് ഹിസ്റ്ററി & ഐെസ്തറ്റിക്സ് | 1 | 37440*12*1 =449280/- |
| 3 | കഥകളി വേഷം | 2 | 37440*12*2 =898560 |
| 4 | കഥകളി ചെണ്ട | 3 | 37440*12*3 =1347840 |
| 5 | ഭരതനാട്യം | 2 | 37440*12*2 =898560 |
| 6 | അപ്ലൈഡ് ആർട്ട്സ് | 1 | 37440*12*1 =449280 |
| ആകെ | | 14 | 6289920 |

തൃശ്ശൂർ എസ് . ആർ . വി . ഗവൺമെന്റ് മ്യൂസിക് കോളേജ്

| നം. | തസ്തിക | അനുവദിക്കുന്ന ലക്ചറർ തസ്തിക | വാർഷിക സാമ്പത്തിക ബാധ്യത (രൂപയിൽ) |
|---|---|---|---|
| 1 | വോക്കൽ | 3 | 46320*12*3 =1667520 |
| ആകെ | | 3 | 1667520 |

6.തൃപ്പൂണിത്തുറ RLV സർക്കാർ സംഗീത കോളേജിൽ 14 ജൂനിയർ ലക്ചറർ തസ്തികകളും തൃശ്ശൂർ എസ്.ആർ.വി. സംഗീത കോളേജിൽ 3 ലക്ചറർ തസ്തികകളും (ആകെ 17 തസ്തികകൾ) സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1) സർക്കാർ സംഗീത കോളേജുകളിൽ ചുവടെ ചേർക്കുന്ന 14 ജൂനിയർ ലക്ചറർ തസ്തികകളും 3 ലക്ചറർ തസ്തികകളും സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാമോ ?

<u>തൃപ്പൂണിത്തുറ ആർ.എൽ.വി. സർക്കാർ സംഗീത കോളേജ്</u>

| | |
|---|---|
| ജൂനിയർ ലക്ചറർ ഇൻ മോഹിനിയാട്ടം | - 5 |
| ജൂനിയർ ലക്ചറർ ഇൻ ആർട്ട് ഹിസ്റ്ററി & ഐെസ്തറ്റിക്സ് | - 1 |
| ജൂനിയർ ലക്ചറർ ഇൻ കഥകളി വേഷം | - 2 |
| ജൂനിയർ ലക്ചറർ ഇൻ കഥകളി ചെണ്ട | - 3 |
| ജൂനിയർ ലക്ചറർ ഇൻ ഭരതനാട്യം | - 2 |
| ജൂനിയർ ലക്ചറർ ഇൻ അപ്ലൈഡ് ആർട്ട്സ് | - 1 |

<u>തൃശ്ശൂർ എസ് . ആർ . വി . ഗവൺമെന്റ് മ്യൂസിക് കോളേജ്</u>

| | |
|---|---|
| ലക്ചറർ ഇൻ വോക്കൽ | - 3 |